ഉത്തരം

(എ) ഉണ്ട്.

(ബി) കെ.എസ്.ആർ. പാർട്ട് III റൂൾ 117 എ അനുസരിച്ച് അധികമായി പെൻഷണർ വാങ്ങുന്ന തുക തിരികെ പിടിക്കുവാൻ സമ്മതപത്രം നൽകിയിട്ടുള്ളതും അധിക തുക തിരികെ പിടിക്കേണ്ടതുമാണ്.

(സി) അവരുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം തിരിച്ചു പിടിക്കുന്ന തുക 500 രൂപയിൽ ലിന്നും 400 രൂപയായി കുറവ് ചെയ്തുകൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ട്.

ശ്രീകാര്യത്തുനിന്നും പോത്തൻകോട്ടേക്ക് സർവ്വീസ് നടത്തുന്ന ബസ്സുകളുടെ റൂട്ട് മാറ്റം

123 [3132] ശ്രീ. പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകാര്യത്തുനിന്നും പോത്തൻകോട്ടേക്ക് ഉള്ള മിക്ക ബസ്സുകളും റൂട്ട് മാറുകയോ റദ്ദാക്കുകയോ ചെയ്യുന്നതുമൂലം യാത്രക്കാരനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റൂട്ട് മാറ്റൽ/റദ്ദാക്കൽ നടപടി വികാസ്ഭവൻ ഡിപ്പോയിലെ ചില ഉന്നത ഉദ്യോഗസ്ഥന്മാരും പാരലൽ റൂട്ട് സർവ്വീസുകാരും തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിലാണെന്ന ആരോപണത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ഡി) ഇതിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രീകാര്യത്തിനും പോത്തൻകോടിനുമിടയ്ക്ക് യാത്രക്കാരുടെ തിരക്ക് കണക്കിലെടുത്ത് കൂടുതൽ ട്രിപ്പുകൾ ദിവസേന ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(ബി) ഇത്തരത്തിൽ ഒരു പരാതി കെ.എസ്.ആർ.ടി.സി.-യിൽ ലഭിച്ചിട്ടില്ല.

(സി ആന്റ് ഡി) ചോദ്യം ഉദിക്കുന്നില്ല.

കെ.എസ്.ആർ.ടി.സി ബസ്സ് ചെറായി ബീച്ച് വരെ നീട്ടാൻ നടപടി

124 [3133] ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്:

,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി വൈപ്പിൻ പാലത്തിൽകൂടി കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് നടത്തുമ്പോൾ അന്തർദേശീയ ടൂറിസ്റ്റുകേന്ദ്രമായ ചെറായിബീച്ചുവരെയും പ്രസ്തുത ടൂറിസ്റ്റുകേന്ദ്രം സ്ഥിതിചെയ്യുന്ന വെള്ളപ്പുറം പഞ്ചായത്തിന്റെ വടക്കേ അറ്റം വരെയും സർവ്വീസ് നീട്ടുവാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly